**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 285** **02-03-2023 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സിയ്ക്ക് പുതിയ ബസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി,<br>ശ്രീ. പി.വി.അൻവർ,<br>ശ്രീ എം മുകേഷ് ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കാര്യക്ഷമമായ പൊതുഗതാഗതത്തിന് അനിവാര്യ ഘടകമായ കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തനം ശാക്തീകരിക്കുന്നതിന്റെ ഭാഗമായി കിഫ്ബി മുഖേന പുതിയ ബസുകൾ വാങ്ങാൻ തീരുമാനമായിട്ടുണ്ടോ; | (എ) | KIIFB ധനസഹായമായ 359 കോടി രൂപയിൽ നിന്നും 9 മീറ്റർ നീളമുള്ള 50 ഇലക്ട്രിക് ബസ്സുകൾ വാങ്ങുകയും, ടി ബസുകൾ KSRTC തിരുവനന്തപുരം സിറ്റി സർക്കുലർ സർവീസുകൾക്ക് ഉപയോഗിച്ചു വരികയും ചെയ്യുന്നു. ടി ലഭ്യമായ തുകയുടെ ബാക്കി തുക വിനിയോഗിച്ച് 170 ഇലക്ട്രിക് ബസുകളും 262 ഡീസൽ ബസ്സുകളും വാങ്ങുന്നതിനുള്ള പദ്ധതിരേഖ കെ.എസ്.ആർ.ടി.സി. സമർപ്പിച്ചിട്ടുണ്ട്. കൂടാതെ, KIIFB ധനസഹായമായ 455 കോടി രൂപ ഉപയോഗിച്ച് 225 ഇലക്ട്രിക് ബസുകളും 285 എണ്ണം ദീർഘദൂര ഡീസൽ ബസുകളും വാങ്ങുന്നതിനുള്ള പദ്ധതി രേഖയും സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) | പൊതുസർവീസ് എന്ന നിലയിൽ ഇന്ധന വിലയിലുണ്ടാകുന്ന വിലവർദ്ധനവിന് ആനുപാതികമായി യാത്രക്കൂലി നിരക്കിൽ മാറ്റം വരുത്തേണ്ടതില്ലെന്ന തീരുമാനം പ്രതിദിന നഷ്ടം വർദ്ധിപ്പിക്കാൻ ഇടയാക്കുന്ന സാഹചര്യത്തിൽ സർവീസ് വിപുലീകരിച്ച് മികച്ച വാഹന വിനിയോഗം വഴി വരുമാന വർദ്ധനവിന് നടപടിയെടുത്തിട്ടുണ്ടോ; | (ബി) | 2022 മെയ് 1 മുതൽ നിരക്ക് വർദ്ധനവ് നിലവിൽ വന്നിട്ടുണ്ട്. അസ്വാഭാവികമായി ഡീസൽ വില വർദ്ധനവിനനുസരിച്ച് നിരക്ക് അമിതമായി വർദ്ധിപ്പിക്കുന്നത് പബ്ലിക് ട്രാൻസ്പോർട്ടിൽ നിന്നും യാത്രക്കാരെ അകറ്റുന്നതിനും സ്വന്തം വാഹനങ്ങൾ ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കപ്പെടുകയും ചെയ്യും. ഇത് നിരത്തിൽ വാഹന ബാഹുല്യവും ഗതാഗതകുരുക്കും അപകടങ്ങളും അന്തരീക്ഷ മലിനീകരണവും വർദ്ധിപ്പിക്കും യാത്രക്കാരെ ആകർഷിക്കുന്നതിനായി ഫസ്റ്റ് മൈൽ ലാസ്റ്റ് മൈൽ കണക്റ്റിവിറ്റി നൽകുന്ന ഫീഡർ സർവ്വീസുകൾ, സിറ്റി സർക്കുലർ, സിറ്റി റേഡിയൽ, സിറ്റി ഷട്ടിൽ എന്നിവ കൂടാതെ ഗ്രാമവണ്ടി എന്ന നവീന സർവ്വീസും ആരംഭിക്കുകയും ചെയ്തുവരികയാണ്. ബൈപ്പാസ് റൈഡർ സർവ്വീസുകൾ പ്രദാനം ചെയ്യുക വഴി കൂടുതൽ ദീർഘദൂര യാത്രക്കാർ ബസ്സിലേയ്ക്ക് ആകർഷിക്കപ്പെട്ടിട്ടുണ്ട്. സ്മാർട്ട് കാർഡുകൾ റിസർവ്വേഷൻ സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ജീവനക്കാരുടെ ഉപയോഗക്ഷമത വർദ്ധിപ്പിച്ച് കൂടുതൽ ബസ്സുകൾ സർവ്വീസ് നടത്തുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനും ഡ്യൂട്ടി പരിഷ്കരിച്ച് വരുമാന വർദ്ധനവിനും ചെലവ് ചുരുക്കലിനും നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>സ്മാർട്ട് സിറ്റി പ്രോജക്ടിന്റെ ഭാഗമായി തിരുവനന്തപുരം കോർപ്പറേഷനുമായി ചേർന്ന് തിരുവനന്തപുരം നഗരത്തിൽ 113 ഇലക്ട്രിക് ബസ്സുകൾ കൂടി മേൽ പദ്ധതികൾക്കായി ക്രമീകരിക്കുകയാണ്.<br><br>ഇപ്രകാരം ടിക്കറ്റ് നിരക്ക് വർദ്ധിപ്പിക്കാതെ ജനങ്ങളെ പൊതുഗതാഗത സൗകര്യത്തിലേയ്ക്ക് ആകർഷിക്കുന്നതിനുള്ള ക്രമവും ചിട്ടയുമായ പ്രവർത്തനങ്ങൾ കെ.എസ്.ആർ.ടി.സി.യിൽ നടന്നുവരികയാണ്. |
| (സി) | 2016 ജനുവരിയിലെയും നിലവിലെയും ഡീസൽ വില താരതമ്യം ചെയ്ത് അറിയിക്കാമോ; 2016 ജനുവരി, 2023 ജനുവരി മാസങ്ങളിൽ ജീവനക്കാരുടെ ശമ്പളത്തിനായി എത്ര തുക വീതമാണ് വേണ്ടിയിരുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | 2016 ജനുവരിയിൽ ലിറ്ററിന് 47.97 രൂപയും, 2023 ഫെബ്രുവരിയിൽ ലിറ്ററിന് 104.85 രൂപയുമാണ് കെ.എസ്.ആർ.ടി.സി.യ്ക്ക് (വൻകിട ഉപഭോക്താവ്) എണ്ണ കമ്പനികൾ നൽകുന്ന ഡീസലിന്റെ വില. എന്നാൽ നിലവിലെ ഡീസലിന്റെ പൊതു വിപണി വില ലിറ്ററിന് 96.52 രൂപയാണ്.<br><br>2016 ജനുവരി മാസത്തിലെ മൊത്ത ശമ്പള വിതരണത്തിനായി 74.63 കോടി രൂപയും, 2023 ജനുവരി മാസത്തെ മൊത്ത ശമ്പള വിതരണത്തിനായി 93 കോടി രൂപയും വേണ്ടിയിരുന്നു. |

സെക്ഷൻ ഓഫീസർ